# 161/2025-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 161/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ചോർച്ചാസിദ്ധാന്തം അവതരിപ്പിച്ച സ്വാതന്ത്ര്യസമര സേനാനി :
   - (A) ആർ.സി. ദത്ത്
   - (B) ബാലഗംഗാധരതിലക്
   - (C) ദാദാഭായ് നവറോജി
   - (D) മദൻ മോഹൻ മാളവ്യ

2. ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമെന്ന് ഡോ.ബി.ആർ. അംബേദ്കർ വിശേഷിപ്പിച്ച മൗലിക അവകാശം ഏത്?
   - (A) സമത്വത്തിനുള്ള അവകാശം
   - (B) ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം
   - (C) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
   - (D) ചൂഷണത്തിനെതിരായ അവകാശം

3. സ്ത്രീകളുടെ ഉന്നമനത്തിനായി ആര്യമഹിളാസഭ എന്ന സംഘടന സ്ഥാപിച്ചതാര്?
   - (A) അക്കാമ്മ ചെറിയാൻ
   - (B) പണ്ഡിത രമാബായ്
   - (C) സ്വാമി വിവേകാനന്ദൻ
   - (D) ആനി ബസന്റ്

4. ഭരണഘടനാഭേദഗതികളിലൂടെ മൗലികാവകാശങ്ങളിൽ കൂട്ടിച്ചേർക്കുകയും ഒഴിവാക്കപ്പെടുകയും ചെയ്ത അവകാശങ്ങൾ :
   - (A) സമത്വത്തിനും സ്വത്തിനും
   - (B) മതസ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസത്തിനും
   - (C) സമത്വത്തിനും വിദ്യാഭ്യാസത്തിനും
   - (D) വിദ്യാഭ്യാസത്തിനും സ്വത്തിനും

5. താഴെ തന്നിരിക്കുന്ന സൂചനകൾ ഏത് സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്?

(i) 1885 ൽ ബോംബെയിൽ ആദ്യ സമ്മേളനം

(ii) ആദ്യത്തെ അധ്യക്ഷൻ ഡബ്ല്യൂ.സി. ബാനർജി

(iii) ജാതിമതപ്രാദേശിക ചിന്തകൾക്കതീതമായി ദേശീയബോധം വളർത്തുക

(iv) മിതവാദികൾ, തീവ്രവാദികൾ എന്നിങ്ങനെ രണ്ടു ചിന്താധാരകൾ ഉടലെടുത്തു

(A) ഹോംറൂൾ ലീഗ്

(B) ഇൻഡ്യൻ അസോസിയേഷൻ

(C) മദ്രാസ് മഹാജൻസഭ

(D) ഇൻഡ്യൻ നാഷണൽ കോൺഗ്രസ്

6. ഭരണഘടനാദിനം :

(A) ഒക്ടോബർ 16 (B) നവംബർ 26

(C) ജനുവരി 26 (D) ഓഗസ്റ്റ് 15

7. ഏതു ഭരണഘടനാ ഭേദഗതിയെയാണ് ചെറുഭരണഘടന എന്ന് വിളിക്കുന്നത്?

(A) 41-ാം ഭേദഗതി (B) 86-ാം ഭേദഗതി

(C) 42-ാം ഭേദഗതി (D) 44-ാം ഭേദഗതി

8. ഇൻഡ്യൻ പത്രപ്രവർത്തനത്തിന് തുടക്കം കുറിച്ച സാമൂഹ്യപരിഷ്കർത്താവ്

(A) രാജാറാം മോഹൻ റോയ് (B) ജ്യോതിറാവു ഫൂലെ

(C) മഹാദേവ ഗോവിന്ദ റാനഡെ (D) ഗോപാലകൃഷ്ണ ഗോഖലെ

9. ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം പൂർണ്ണമായി നിർത്തിവയ്ക്കാൻ കാരണമായ സംഭവം :

(A) ബംഗാൾ വിഭജനം

(B) ചൗരിചൗരാ സംഭവം

(C) റൗലറ്റ് ആക്ട്

(D) ജാലിയൻ വാലാബാഗ് കൂട്ടക്കൊല

10. ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരം ആർക്കാണ്?

(A) രാഷ്ട്രപതി
(B) പ്രധാനമന്ത്രി
(C) പാർലമെന്റ്
(D) സുപ്രീം കോടതി

11. വൈക്കം സത്യാഗ്രഹം നടന്ന വർഷം :

(A) 1925
(B) 1930
(C) 1932
(D) 1936

12. 'ആധുനികകാലത്തെ മഹാത്ഭുതം' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് :

(A) പാലിയം സത്യാഗ്രഹം
(B) മേൽമുണ്ട് സമരം
(C) ഗുരുവായൂർ സത്യാഗ്രഹം
(D) ക്ഷേത്രപ്രവേശന വിളംബരം

13. തിരുവിതാംകൂറിൽ വില്ലുവണ്ടിയാത്ര നടത്തി ചരിത്രം സൃഷ്ടിച്ച സാമൂഹ്യ പരിഷ്കർത്താവ് :

(A) വൈകുണ്ഡസ്വാമികൾ
(B) വാഗ്ഭടാനന്ദൻ
(C) അയ്യങ്കാളി
(D) പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ

14. വൈക്കം സത്യാഗ്രഹത്തിനോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിന് സവർണജാഥ നടത്തിയ നവോത്ഥാന നായകൻ :

(A) കെ.പി. കേശവമേനോൻ
(B) സി. ശങ്കരൻ
(C) മന്നത്ത് പദ്മനാഭൻ
(D) ശ്രീനാരായണഗുരു

15. വരിക വരിക സഹജരേ
സഹന സമര സമയമായ്
ഈ സമരഗാനം ഏത് സമരവുമായി ബന്ധപ്പെട്ടതാണ്?

(A) ഗുരുവായൂർ സത്യാഗ്രഹം
(B) പാലിയം സത്യാഗ്രഹം
(C) ഉപ്പു സത്യാഗ്രഹം
(D) പുന്നപ്ര വയലാർ സമരം

16. 71-ാമത് ദേശീയ ചലച്ചിത്രപുരസ്കാരത്തിനായി മികച്ച മലയാളസിനിമയായി തെരഞ്ഞെടുത്തത്?

(A) ആടുജീവിതം
(B) കാതൽ - ദി കോർ
(C) ചാവേർ
(D) ഉള്ളൊഴുക്ക്

17. 2025-ലെ ഫിഡെ വനിതാ ചെസ്സ് ലോകകപ്പ് കിരീടം നേടിയത് :

(A) കൊനേരു ഹംപി
(B) ഹരിക ദ്രോണാവാലി
(C) ദിവ്യ ദേശ്മുഖ്
(D) വൈശാലി രമേഷ്ബാബു

18. സ്വാതന്ത്ര്യാനന്തരം ഇന്ത്യ-പാകിസ്താൻ അതിർത്തിരേഖ നിർണ്ണയിച്ച കമ്മീഷന്റെ തലവൻ ആരാണ്?

(A) ഹെന്റി മക്മോഹൻ
(B) ഹെന്റി ഡ്യൂറണ്ട്
(C) സർദാർ വല്ലഭായ് പട്ടേൽ
(D) സർ സിറിൽ റാഡ്ക്ലിഫ്

19. ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ സംയോജനം വഴി ഇന്ത്യ യൂണിയൻ കെട്ടിപ്പടുത്താൻ സംഭാവന നൽകിയ സ്വാതന്ത്ര്യസമര സേനാനി ആരാണ്?

(A) ഗാന്ധിജി
(B) സർദാർ വല്ലഭായ് പട്ടേൽ
(C) ജവഹർലാൽ നെഹ്റു
(D) സുഭാഷ് ചന്ദ്രബോസ്

20. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യൻ സേന നടത്തിയ സൈനികനടപടിയുടെ പേര്?

(A) ഓപ്പറേഷൻ ചെങ്കിസ്ഖാൻ
(B) ഓപ്പറേഷൻ വിജയ്
(C) ഓപ്പറേഷൻ ബ്ലൂസ്റ്റാർ
(D) ഓപ്പറേഷൻ സിന്ദൂർ

21. 2025-ലെ ഏഷ്യാകപ്പ് ക്രിക്കറ്റിൽ ജേതാക്കളായ രാജ്യം :

(A) ഇന്ത്യ
(B) പാകിസ്താൻ
(C) ശ്രീലങ്ക
(D) ബംഗ്ലാദേശ്

22. ഭിലായ് ഇരുമ്പുരുക്ക് വ്യവസായശാലയുടെ നിർമ്മാണത്തിൽ സഹായിച്ച വിദേശ രാജ്യം :

(A) അമേരിക്ക
(B) ജർമ്മനി
(C) സോവിയറ്റ് യൂണിയൻ
(D) ബ്രിട്ടൺ

23. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ആദ്യ രാഷ്ട്രപതി ആരായിരുന്നു?

(A) ജവഹർലാൽ നെഹ്റു
(B) ഡോ. രാജേന്ദ്രപ്രസാദ്
(C) ഡോ. എസ്. രാധാകൃഷ്ണൻ
(D) വി.വി. ഗിരി

24. ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്ന് അറിയപ്പെടുന്നത് ആര്?

(A) ഡോ. ബി.ആർ. അംബേദ്കർ
(B) ജവഹർലാൽ നെഹ്റു
(C) ഡോ. രാജേന്ദ്രപ്രസാദ്
(D) ഡോ. സച്ചിദാനന്ദ സിൻഹ

25. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് എന്നറിയപ്പെടുന്ന പ്രദേശം ഏത്?

(A) ഡക്കാൻ പീഠഭൂമി
(B) ഉത്തരപർവ്വത മേഖല
(C) ഉത്തരമഹാസമതലം
(D) തീരസമതലങ്ങൾ

26. തമിഴ്നാട് തീരത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഏത് മൺസൂണിൽ നിന്നാണ്?

(A) തെക്ക് കിഴക്കൻ മൺസൂൺ
(B) വടക്ക് കിഴക്കൻ മൺസൂൺ
(C) വടക്ക് പടിഞ്ഞാറൻ മൺസൂൺ
(D) തെക്ക് പടിഞ്ഞാറൻ മൺസൂൺ

27. ഇന്ത്യയുടെ മാനക രേഖാംശം :

(A) 82° 0'
(B) 82° 30'
(C) 86° 0'
(D) 86° 30'

28. ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ റോക്ക് മ്യൂസിയം എവിടെയാണ് സ്ഥാപിക്കപ്പെട്ടത്?

(A) ഹൈദരാബാദ്
(B) വാരണാസി
(C) ജോധ്പൂർ
(D) മുംബൈ

29. പശ്ചിമഘട്ടവും പൂർവ്വഘട്ടവും സന്ധിക്കുന്ന പ്രദേശമേത്?

(A) ആനൈമലൈ കുന്നുകൾ
(B) പളനി കുന്നുകൾ
(C) കാർഡമം കുന്നുകൾ
(D) നീലഗിരി കുന്നുകൾ

30. യുനെസ്കോയുടെ സാംസ്ക്കാരിക പൈതൃക പട്ടികയിൽ ഉൾപ്പെടുത്താൻ 2022-ൽ ഇന്ത്യ നാമനിർദ്ദേശം ചെയ്ത നൃത്തരൂപം 'ഗർഭ' ഏതു സംസ്ഥാനത്തിൽ നിന്നാണ്?

(A) തമിഴ്നാട്
(B) ഒഡീഷ
(C) ഗുജറാത്ത്
(D) മധ്യപ്രദേശ്

31. ഇന്ത്യയിലെ ആദ്യത്തെ സോളാർ വിന്റ് ഇൻവർട്ടർ പവർഹൗസ് നിലവിൽ വന്നത് എവിടെ?

(A) നെടുങ്കണ്ടം
(B) വിഴിഞ്ഞം
(C) മണികരൺ
(D) മുബൈ ഹൈ

32. കേരളത്തിലെ മനുഷ്യനിർമ്മിത തടാകം ഏത്?

(A) പൂക്കോട് തടാകം
(B) മാനാഞ്ചിറ തടാകം
(C) മുരിയാട് തടാകം
(D) വാരാപ്പുഴ

33. ഒക്ടോബർ - നവംബർ മാസങ്ങളിൽ കേരളത്തിൽ അനുഭവപ്പെടുന്ന മൺസൂൺ ഏത്?

(A) വടക്ക് - കിഴക്കൻ മൺസൂൺ
(B) തെക്ക് - പടിഞ്ഞാറൻ മൺസൂൺ
(C) വടക്ക് - പടിഞ്ഞാറൻ മൺസൂൺ
(D) തെക്ക് - കിഴക്കൻ മൺസൂൺ

34. പാലക്കാട് ചുരത്തിലൂടെ കടന്നു പോകുന്ന ദേശീയപാത ഏത്?

(A) NH – 7
(B) NH – 44
(C) NH – 744
(D) NH – 544

35. കേരളത്തിലെ ഏറ്റവും വലിയ പീഠഭൂമിയേത്?

(A) കോഴിക്കോട്
(B) പാലക്കാട്
(C) വയനാട്
(D) കാസർഗോഡ്

36. തന്നിരിക്കുന്നവയിൽ നിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന നദി കണ്ടെത്തുക.

(A) കബനി
(B) ഭവാനി
(C) പാമ്പാർ
(D) പെരിയാർ

37. ഇന്ത്യയിലെ ആദ്യ e- ലിറ്ററേറ്റ് ജില്ലയായി പ്രഖ്യാപിക്കപ്പെട്ട കേരളത്തിലെ ജില്ലയേത്?

(A) കോഴിക്കോട്
(B) മലപ്പുറം
(C) കോട്ടയം
(D) ആലപ്പുഴ

38. കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ റബർ കൃഷി മുണ്ടക്കയത്ത് ആരംഭിച്ചതാര്?

(A) പി.ജെ. തോമസ്
(B) പി.ജെ. ജോസഫ്
(C) ജോൺ ജോസഫ് മർഫി
(D) ജേക്കബ് ജോസഫ് മർഫി

39. കേരളത്തിലെ ഏറ്റവും ചെറിയ പക്ഷിസങ്കേതം :

(A) ചിന്നാർ (B) തട്ടേക്കാട്
(C) മംഗളവനം (D) കുമരകം

40. ലിംഗാനുപാതം ഏറ്റവും കുറഞ്ഞ കേരളത്തിലെ ജില്ലയേത്?

(A) വയനാട് (B) എറണാകുളം
(C) കോട്ടയം (D) ഇടുക്കി

41. കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന വനം ഏത്?

(A) ചോലവനങ്ങൾ
(B) ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ
(C) ഉഷ്ണമേഖലാ മഴക്കാടുകൾ
(D) കണ്ടൽവനങ്ങൾ

42. തീരദേശം ഏറ്റവും കൂടുതലുള്ള കേരളത്തിലെ ജില്ല ഏത്?

(A) കണ്ണൂർ (B) തിരുവനന്തപുരം
(C) പത്തനംതിട്ട (D) തൃശ്ശൂർ

43. കേരളത്തിലെ ഹെൽത്ത് ATM ആദ്യമായി നിലവിൽ വന്നത് ഏത് ജില്ലയിലാണ്?

(A) ഇടുക്കി (B) തിരുവനന്തപുരം
(C) കണ്ണൂർ (D) എറണാകുളം

44. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുവാനുള്ള ഇന്ത്യയുടെ ദൗത്യത്തിന്റെ പേര് :

(A) ചന്ദ്രയാൻ 3 (B) ഗഗൻയാൻ
(C) മംഗൾയാൻ (D) ആദിത്യ L1

45. ഏത് മഹാരാജാവിന്റെ ഭരണകാലയളവിലാണ് തിരുവിതാംകൂറിലെ ആദ്യത്തെ ഗ്രന്ഥശാല സ്ഥാപിച്ചത്?

(A) സ്വാതി തിരുനാൾ മഹാരാജാവ്
(B) ഉത്രം തിരുനാൾ മഹാരാജാവ്
(C) ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ്
(D) ശ്രീമൂലം തിരുനാൾ മഹാരാജാവ്

46. സോവിയറ്റ് യൂണിയന്റെ സാമ്പത്തിക സാങ്കേതിക സഹായത്താൽ നിർമ്മിച്ച ഇന്ത്യയിലെ ഇരുമ്പുരുക്ക് വ്യവസായ ശാലകൾ :

(i) റൂർക്കല
(ii) ഭിലായ്
(iii) ദുർഗാപൂർ
(iv) ബൊക്കാറോ

(A) (i) & (ii) മാത്രം
(B) (iii) & (iv) മാത്രം
(C) (ii) & (iv) മാത്രം
(D) (i) & (iii) മാത്രം

47. ആരെല്ലാമായിരുന്നു 1953-ൽ കേന്ദ്ര സർക്കാർ നിയോഗിച്ച സംസ്ഥാന പുനസംഘടനാ കമ്മീഷനിലെ അംഗങ്ങൾ :

(A) ഫസൽ അലി, സർദാർ കെ.എം. പണിക്കർ, പട്ടാഭി സിതാരാമയ്യ
(B) എച്ച്.എൻ. കുൻസ്രു, ഫസൽ അലി, സർദാർ വല്ലഭായ് പട്ടേൽ
(C) സർദാർ കെ.എം. പണിക്കർ, പട്ടാഭി സീതാരാമയ്യ, സർദാർ വല്ലഭായ് പട്ടേൽ
(D) ഫസൽ അലി, സർദാർ കെ.എം. പണിക്കർ, എച്ച്.എൻ. കുൻസ്രു

48. സന്തോഷ് ട്രോഫി ഏത് കായികമൽസരവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഫുട്ബോൾ
(B) ക്രിക്കറ്റ്
(C) വോളിബോൾ
(D) കബഡി

49. ആർക്കാണ് 2025 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനപുരസ്കാരം ലഭിച്ചത്?

(A) ഡൊണാൾഡ് ട്രംപ്
(B) വൊളാഡിമർ സെലൻസ്കി
(C) അന്റോണിയൊ ഗുട്ടറസ്
(D) മറിയ കൊറീന

50. ഇന്ത്യയുടെ ഇപ്പോഴത്തെ ഉപരാഷ്ട്രപതി :

(A) ജഗദീപ് ധൻകർ
(B) വെങ്കയ്യ നായിഡു
(C) സി.പി. രാധാകൃഷ്ണൻ
(D) ജസ്റ്റിസ് സുദർശൻ റെഡ്ഡി

51. ദാദാ സാഹിബ് ഫാൽക്കേ അവാർഡ് ലഭിച്ച മലയാളികൾ :

(A) മോഹൻലാൽ & റ്റി.വി. ചന്ദ്രൻ
(B) മോഹൻലാൽ & ഷാജി എൻ. കരുൺ
(C) മോഹൻലാൽ & എം.ടി. വാസുദേവൻ നായർ
(D) മോഹൻലാൽ & അടൂർ ഗോപാലകൃഷ്ണൻ

52. 2028-ലെ ഒളിമ്പിക്സ് വേദി :

(A) ലോസ്ആഞ്ചലസ്
(B) ന്യൂഡൽഹി
(C) ലണ്ടൻ
(D) ടോക്കിയോ

53. തന്നിരിക്കുന്നവയിൽ ഹരിതഗൃഹവാതകം ഏത്?

(A) ഹീലിയം
(B) മീഥെയിൽ
(C) നൈട്രജൻ
(D) നിയോൺ

54. ക്ഷീണിതനും വിളറിയ മുഖത്തോടുംകൂടി കാണപ്പെട്ട രാജുവിന്റെ രക്ത പരിശോധനയിൽ ഹീമോഗ്ലോബിന്റെ അളവ് കുറഞ്ഞതായി കാണപ്പെട്ടു. താഴെപ്പറയുന്നവയിൽ ഏത് ഭക്ഷണക്രമമായിരിക്കും രാജുവിന് അനുയോജ്യ മായത്?

(A) പാലും പാലുൽപന്നങ്ങളും
(B) അയഡിൻ അടങ്ങിയ ഉപ്പ്
(C) ഇരുമ്പ് അടങ്ങിയ ഇലക്കറികൾ
(D) ഓറഞ്ച് ജ്യൂസ്

55. പയറിന്റെ സങ്കര ഇനങ്ങൾ താഴെ നൽകിയിരിക്കുന്നു. ശരിയായ ജോഡി ഏത്?

(A) ജ്യോതിക, ഭാഗ്യലക്ഷ്മി
(B) പവിത്ര, സൽകീർത്തി
(C) ഉജ്ജ്വല, ചന്ദ്രശങ്കര
(D) സൽകീർത്തി, ജ്വാലാമുഖി

56. പ്രസ്താവന : ഇടതു വെൻട്രിക്കിളിന്റെ ഭിത്തിക്ക് വലത് വെൻട്രിക്കിനേക്കാൾ കട്ടി കൂടുതലാണ്.

കാരണം : ഇടത് വെൻട്രിക്കിൾ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും രക്തം സ്വീകരിക്കുന്നു.

(A) പ്രസ്താവനയും കാരണവും ശരിയാണ്. നൽകിയിരിക്കുന്ന കാരണം പ്രസ്താവനയെ സാധൂകരിക്കുന്നു.
(B) പ്രസ്താവന തെറ്റാണ്. എന്നാൽ കാരണം ശരിയാണ്.
(C) പ്രസ്താവനയും കാരണവും ശരിയാണ്. എന്നാൽ കാരണം പ്രസ്താവനയെ സാധൂകരിക്കുന്നില്ല.
(D) പ്രസ്താവന ശരിയാണ്. എന്നാൽ കാരണം തെറ്റാണ്.

57. സാമൂഹിക വനവൽക്കരണവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

(i) വന വിഭവങ്ങൾ അമിതമായി ഉപയോഗിക്കുക.
(ii) സുസ്ഥിര വനപരിപാലനത്തിലൂടെ പ്രാദേശിക ഉപജീവനത്തെ മെച്ചപ്പെടുത്തുക.
(iii) വനസംരക്ഷണത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
(iv) വ്യാവസായിക ലോഗിങ്ങ് പ്രോത്സാഹിപ്പിക്കുക.

(A) പ്രസ്താവന (iii) മാത്രം ശരി
(B) പ്രസ്താവന (ii), (iii) ശരി
(C) പ്രസ്താവന (iv) മാത്രം ശരി
(D) പ്രസ്താവന (i), (ii) ശരി

58. ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസ് ആയി നിയമിതനായത് ആര്?

(A) സതീഷ് ചന്ദ്ര ശർമ (B) സഞ്ജീവ് ഖന്ന

(C) ബി.ആർ. ഗവായ് (D) എ.ആർ. മസൂദി

59. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തി വിവിധ അർബുദങ്ങളെക്കുറിച്ചുള്ള പ്രാരംഭ കണ്ടെത്തലിനും അവബോധത്തിനും പ്രാധാന്യം നൽകുന്ന പ്രചാരണ പരിപാടി ഏത്?

(A) സ്വസ്ഥ കേരളം (B) ആരോഗ്യം ആനന്ദം

(C) നിരാമയ കേരളം (D) ജീവൻ രക്ഷ

60. ശരിയായ പ്രസ്താവന ഏത്?

(A) കരക്കാറ്റ് കരയിലേക്ക് വീശുന്നു.

(B) കടൽക്കാറ്റ് കടലിലേക്ക് വീശുന്നു.

(C) കടൽക്കാറ്റ് രാത്രിസമയത്ത് വീശുന്നു.

(D) കടൽക്കാറ്റ് പകൽ സമയത്ത് വീശുന്നു.

61. ആവർത്തന പ്രതിപതനം ഉപയോഗപ്പെടുത്തുന്ന ഉപകരണം :

(A) കാലിഡോസ്കോപ്പ് (B) പെരിസ്കോപ്പ്

(C) ഇവ രണ്ടും (D) ഇവയൊന്നുമല്ല

62. 'കലാമിൻ' എന്നത് ഏത് ലോഹത്തിന്റെ അയിര് ആണ്?

(A) ഇരുമ്പ് (B) സിങ്ക്

(C) ലെഡ് (D) മെർക്കുറി

63. ശബ്ദത്തെക്കുറിച്ചുള്ള പഠനം :

(A) അകൗസ്റ്റിക്സ് (B) ഒപ്റ്റിക്സ്

(C) തെർമോഡൈനാമിക്സ് (D) മെക്കാനിക്സ്

64. ഹൈഡ്രജൻ എന്ന വാക്കിന്റെ അർത്ഥം :

(A) ആസിഡ് ഉൽപാദിപ്പിക്കുന്നത്

(B) ജലം ഉൽപാദിപ്പിക്കുന്നത്

(C) ലവണം ഉൽപാദിപ്പിക്കുന്നത്

(D) ഇവയൊന്നുമല്ല

65. ഇന്ത്യയിലെ ആദ്യത്തെ പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ (PFBR) സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) കേരളം
(B) ഒറീസ
(C) തമിഴ്നാട്
(D) ഹരിയാന

66. ദക്ഷിണേന്ത്യയിലെ ആദ്യ ഓട്ടോമേറ്റഡ് ടെർമിനൽ തുറമുഖം :

(A) കൊച്ചി
(B) വിഴിഞ്ഞം
(C) ബേപ്പൂർ
(D) നീണ്ടകര

67. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഏത്?

(A) ഇ. ഹെൽത്ത്
(B) ഇ. സഞ്ജീവനി
(C) മൈ കെയർ
(D) ശൈലി

68. താഴെ തന്നിരിക്കുന്ന രോഗലക്ഷണങ്ങൾ ഏത് രോഗവുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തുക.

- ശരീരഭാരം പെട്ടെന്ന് കുറയുക.
- ദുർബലമായ രോഗ പ്രതിരോധം.
- ലിംഫോസൈറ്റുകളുടെ എണ്ണം ഗണ്യമായി കുറയുക.
- വിട്ടുമാറാത്ത ക്ഷീണം.

(A) ക്ഷയം
(B) എയ്ഡ്സ്
(C) ഡെങ്കിപ്പനി
(D) മഞ്ഞപ്പിത്തം

69. താഴെ തന്നിരിക്കുന്ന പട്ടികയിൽ ശരിയായി ജോടി ചേർത്തിരിക്കുന്നവ കണ്ടെത്തുക.

(i) തൈറോയ്ഡ് ഗ്രന്ഥി – തൈമോസിൻ
(ii) ആഗ്നേയ ഗ്രന്ഥി – ഇൻസുലിൻ
(iii) പൈനിയൽ ഗ്രന്ഥി – മെലാടോണിൻ
(iv) അഡ്രീനൽ ഗ്രന്ഥി – കാൽസിടോണിൻ

(A) (i), (ii)
(B) (ii), (iv)
(C) (ii), (iii), (iv)
(D) (ii), (iii)

70. 'ആർദ്രം' ആരോഗ്യക്ഷേമ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നവ കണ്ടെത്തുക.

(i) 18 വയസിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുക.

(ii) സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുക.

(iii) സർക്കാർ ആശുപത്രികൾ രോഗീസൗഹൃദ പരിചരണം ഉറപ്പാക്കുക.

(iv) നഗരചേരിയിൽ താമസിക്കുന്നവരുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുക.

(A) (i), (ii)

(B) (i), (iv)

(C) (ii), (iii)

(D) (i), (iii), (iv)

71. താഴെ തന്നിരിക്കുന്നവയിൽ നിന്നും ശരിയായ ജോടി കണ്ടെത്തുക.

(A) വിറ്റാമിൻ $B_{12}$ – കണ

(B) വിറ്റാമിൻ C – നിശാന്ധത

(C) വിറ്റാമിൻ $B_3$ – പെല്ലാഗ്ര

(D) വിറ്റാമിൻ D – സ്കർവി

72. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കാനുദ്ദേശിച്ച് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതി ഏതാണ്?

(A) വയോമിത്രം

(B) വയോഅമൃതം

(C) വയോമധുരം

(D) വയോകിരണം

73. എംഫിസെമ എന്ന രോഗം ശരീരത്തിന്റെ ഏതു ഭാഗത്തെയാണ് ബാധിക്കുന്നത്?

(A) ശ്വാസകോശം

(B) കരൾ

(C) ത്വക്ക്

(D) വൃക്ക

74. സ്നേഹക്കൂട് എന്ന കേരള സർക്കാരിന്റെ പുനരധിവാസപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് താഴെ തന്നിരിക്കുന്നവരിൽ ഏത് വിഭാഗത്തിൽ പെട്ടവരെയാണ്?

(A) കുഷ്ഠരോഗം ബാധിച്ച്, ചികിൽസയിൽ കഴിയുന്നവർ

(B) എയ്ഡ്സ് രോഗബാധിതർ

(C) മാനസികാരോഗ്യ പ്രശ്നങ്ങൾ ചികിൽസിച്ച് സുഖം പ്രാപിച്ചവർ

(D) ഡയാലിസിസ് നടത്തുന്ന സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവർ

75. താഴെ തന്നിരിക്കുന്നവയിൽ വായുവഴി പകരാത്ത രോഗം കണ്ടെത്തുക.

(A) പോളിയോ

(B) വില്ലൻചുമ

(C) ചിക്കൻപോക്സ്

(D) ക്ഷയം

76. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക.

പ്രസ്താവന 1 : ചെറുകുടലിൽ കാണുന്ന വിരലുകൾ പോലുള്ള വളർച്ചകളാണ് വില്ലസുകൾ

പ്രസ്താവന 2 : വില്ലസുകൾ ജലം, ലവണം ഇവയുടെ ആഗിരണത്തിന് സഹായിക്കുന്നു.

(A) പ്രസ്താവന 1, 2 ഉം ശരിയാണ്

(B) പ്രസ്താവന 1, 2 ഇവ തെറ്റാണ്

(C) പ്രസ്താവന 1 തെറ്റാണ്, പ്രസ്താവന 2 ശരിയാണ്

(D) പ്രസ്താവന 1 ശരിയാണ്, പ്രസ്താവന 2 തെറ്റാണ്

77. 2025 ലെ വൈദ്യശാസ്ത്രത്തിനുള്ള നോബൽ പുരസ്കാരത്തിന് അർഹരായവരെ കണ്ടെത്തുക.

(i) ജോൺ ക്ലാർക്ക്

(ii) മേരി ഇ. ബ്രൻകോവ്

(iii) സുസുമി കിറ്റഗാവ

(iv) ഫ്രെഡ് റാംസ്ഡെൽ

(v) ഷീമോൺ സാകാഗുച്ചി

(A) (i), (iii), (v) ശരി

(B) (ii), (iii), (iv) ശരി

(C) (i), (ii), (v) ശരി

(D) (ii), (iv), (v) ശരി

78. ഇസ്രയേൽ, പാലസ്തീൻ സംഘർഷ ഘട്ടത്തിൽ ഇസ്രയേലിൽ കുടുങ്ങിയ ഇന്ത്യൻ വംശജരെ സുരക്ഷിതരായി നാട്ടിൽ എത്തിക്കാൻ കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഓപ്പറേഷൻ റിസ്കൂ പ്രവർത്തനം ഏത്?

(A) ഓപ്പറേഷൻ ബ്രഹ്മ

(B) ഓപ്പറേഷൻ ഗംഗ

(C) ഓപ്പറേഷൻ അജയ്

(D) ഓപ്പറേഷൻ അമൃത്

79. താഴെ പറയുന്ന പ്രസ്താവനകളിൽ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവനകൾ കണ്ടെത്തുക.

(i) വിഴിഞ്ഞം തുറമുഖം 2025 May : 3 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു.

(ii) ഇന്ത്യയിലെ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമാണ് വിഴിഞ്ഞം

(iii) വിഴിഞ്ഞം തുറമുഖത്ത് എത്തിയ ആദ്യ മദർഷിപ്പ് ഷെൻഹുവ 15 ആയിരുന്നു

(iv) വിഴിഞ്ഞം തുറമുഖം നെയ്യാറ്റിൻകര താലൂക്കിൽ സ്ഥിതി ചെയ്യുന്നു.

(A) (i), (ii) തെറ്റാണ്

(B) (ii), (iv) തെറ്റാണ്

(C) (ii), (iii) തെറ്റാണ്

(D) (i), (iii) തെറ്റാണ്

80. 49-ാമത് വയലാർ സാഹിത്യ അവാർഡ് (2025) നേടിയ 'തപോമയിയുടെ അച്ഛൻ' എന്ന കൃതി രചിച്ചതാര്?

(A) ഇ. സന്തോഷ്കുമാർ

(B) എം. ലീലാവതി

(C) വി.ജെ. ജയിംസ്

(D) അശോകൻ ചാരുവിൽ

81. $[\,(-6)+5\,]\div[\,(-2)+1\,]=$

(A) 1
(B) –1
(C) 2
(D) 11

82. ഒരു ഭിന്ന സംഖ്യയുടെ അംശത്തിനോട് ഒന്നുകൂട്ടി ലഘൂകരിച്ചപ്പോൾ $\frac{1}{2}$ കിട്ടി. ഛേദത്തിനോട് ഒന്നുകൂട്ടി ലഘൂകരിച്ചപ്പോൾ കിട്ടിയത് $\frac{1}{3}$. ഏതാണ് സംഖ്യ?

(A) $\frac{4}{10}$
(B) $\frac{3}{10}$
(C) $\frac{2}{3}$
(D) $\frac{3}{8}$

83. $\left(\frac{3}{5}+\frac{1}{5}-\frac{3}{10}\right)\times\frac{36}{45}\div\frac{16}{5}=$

(A) $\frac{1}{20}$
(B) $\frac{1}{8}$
(C) $\frac{32}{25}$
(D) $\frac{64}{125}$

84. രണ്ടു സംഖ്യകളുടെ ഗുണനഫലം 216 ഉം ഉസാഘ 6 ഉം ആയാൽ ലസാഗു എത്ര?

(A) 36
(B) 222
(C) 210
(D) 46

85. വില കാണുക.

$\sqrt{\frac{256}{6400}}\times\sqrt{\frac{25}{7056}}$

(A) $\frac{16}{80}$
(B) $\frac{5}{80}$
(C) $\frac{1}{84}$
(D) $\frac{80}{5}$

86. ഒരു വ്യാപാരി ഒരു മേശ 800 രൂപയ്ക്ക് വാങ്ങി, 960 രൂപയ്ക്ക് വിൽക്കുന്നു. ലാഭ ശതമാനം എത്ര?

(A) 10%
(B) 15%
(C) 18%
(D) 20%

87. രണ്ടു സംഖ്യകളുടെ തുക 10 ഉം ഗുണന ഫലം 20 ഉം ആയാൾ അവയുടെ വ്യുൽക്രമങ്ങളുടെ തുകയെത്ര?

(A) 2
(B) 200
(C) $\frac{1}{2}$
(D) $\frac{1}{200}$

88. ദശാംശ രൂപത്തിലെഴുതുക.

$1+\frac{9}{100}+\frac{3}{1000}$

(A) 0.93
(B) 1.093
(C) 1.93
(D) 0.193

89. ഒരു തൊഴിൽശാലയിൽ ജോലി ചെയ്യുന്ന 5 പേരുടെ ദിവസ വരുമാനം രൂപയിൽ താഴെ കൊടുത്തിരിക്കുന്നു.

350, 400, 350, 450, 450
ശരാശരി വരുമാനമെത്ര?

(A) 350
(B) 400
(C) 450
(D) 200

90. മണിക്കൂറിൽ 60 km വേഗതയുള്ള ഒരു ട്രയിനിന്റെ നീളം 250 മീറ്റർ. ഒരു ഇലക്ട്രിക് പോസ്റ്റ് കടന്നുപോകാൻ ഇതിന് എത്ര സമയം വേണം?

(A) 6 sec
(B) 30 sec
(C) 15 sec
(D) 12 sec

91. 3 : 72 : : 4 :

(A) 46
(B) 27
(C) 73
(D) 64

92. $30+4-20\div 5+1\times 10\ =$

(A) 40
(B) 20
(C) –28
(D) 28

93. 5, 7, 8, 10, 12, 14, 17, 19, ____

(A) 21
(B) 20
(C) 22
(D) 23

**94.** വ്യത്യസ്തമായത് ഏത്?

(A) ചതുരം (B) വൃത്തം

(C) പഞ്ചഭുജം (D) സാമാന്തരികം

**95.** azcx : bydw : : fuhs : _______

(A) gvit (B) gvir

(C) gtir (D) fthr

**96.** ഇവയിൽ കൂട്ടത്തിൽപ്പെടാത്ത സംഖ്യ ഏത്?
29, 37, 49, 61

(A) 49 (B) 61

(C) 29 (D) 37

**97.** തന്നിരിക്കുന്ന സംഖ്യകൾക്ക് പകരമായി അക്ഷരങ്ങൾ എഴുതി അർത്ഥവത്തായ വാക്ക് കണ്ടെത്തുക.

(A) 9, 3, 12, 5, 18, 9 (B) 18, 12, 5, 9, 3, 5

(C) 3, 9, 18, 3, 12, 5 (D) 5, 12, 3, 9, 18, 12

**98.** ശരണിന്റെ അമ്മയുടെ പ്രായം അവന്റെ പ്രായത്തിന്റെ 4 മടങ്ങാണ്. 4 വർഷങ്ങൾക്ക് ശേഷം അമ്മയുടെ പ്രായം ശരണിന്റെ പ്രായത്തിന്റെ 3 മടങ്ങാവും. അമ്മയുടെ ഇപ്പോഴത്തെ പ്രായമെത്ര?

(A) 8 (B) 12

(C) 32 (D) 36

**99.** 1, 3, 5, 7, 9, ____

(A) 11 (B) 12

(C) 10 (D) 16

**100.** സബിത ഒരു വരിയിൽ മുൻപിൽ നിന്ന് 25-ാമതും പുറകിൽ നിന്ന് 25-ാമതും ആയി നിൽക്കുന്നു. എങ്കിൽ ആ വരിയിൽ എത്രപേർ ഉണ്ട്?

(A) 48 (B) 50

(C) 51 (D) 49

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**

**FINAL ANSWER KEY**
**Question Paper Code:161-2025 M**
**Question Paper Medium:Malayalam**
**Category Code:021/2025,023/2025,087/2025,088/2025,089/2025,105/2025,117/2025,133/2025,174/2025**
**Name Of Post & Department:WATCHMAN/ PEON/ KAVADI/ CAULKER/ AYAH 021/2025, 023/2025,**
**Date Of Test:29-Nov-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | D | B | A |
| 2 | B | D | C | B |
| 3 | B | B | A | C |
| 4 | D | C | B | A |
| 5 | D | A | C | D |
| 6 | B | B | A | C |
| 7 | C | C | D | C |
| 8 | A | A | C | C |
| 9 | B | D | C | D |
| 10 | C | C | C | C |
| 11 | A | C | D | C |
| 12 | D | C | C | B |
| 13 | C | D | C | B |
| 14 | C | C | B | D |
| 15 | C | C | B | D |
| 16 | D | B | D | B |
| 17 | C | B | D | C |
| 18 | D | D | A | C |
| 19 | B | A | C | B |
| 20 | D | C | B | A |
| 21 | A | B | A | D |
| 22 | C | A | D | B |
| 23 | B | D | B | D |
| 24 | A | B | D | A |
| 25 | C | C | C | D |
| 26 | B | A | D | B |
| 27 | X | B | B | A |
| 28 | A | A | C | D |
| 29 | D | D | C | C |
| 30 | C | C | D | B |
| 31 | A | D | B | X |
| 32 | B | B | A | A |
| 33 | A | C | D | D |
| 34 | D | C | C | C |
| 35 | C | D | B | A |
| 36 | D | B | X | B |
| 37 | B | A | A | A |
| 38 | C | D | D | D |
| 39 | C | C | C | C |
| 40 | D | B | A | D |
| 41 | B | X | B | B |
| 42 | A | A | A | C |
| 43 | D | D | D | C |
| 44 | B | C | D | A |
| 45 | A | D | A | D |
| 46 | C | A | D | C |
| 47 | D | D | C | D |
| 48 | A | C | D | A |
| 49 | D | D | A | B |
| 50 | C | A | B | A |
| 51 | D | B | A | C |
| 52 | A | A | C | D |
| 53 | B | A | D | B |
| 54 | C | D | B | C |
| 55 | A | B | C | B |
| 56 | D | C | B | B |
| 57 | B | B | B | C |
| 58 | C | B | C | A |
| 59 | B | C | A | D |
| 60 | D | B | A | B |
| 61 | C | A | B | C |
| 62 | B | B | C | B |
| 63 | A | C | B | D |
| 64 | B | B | D | C |
| 65 | C | D | C | B |
| 66 | B | C | B | A |
| 67 | D | C | B | C |
| 68 | B | C | A | A |
| 69 | D | B | C | A |
| 70 | C | A | A | D |
| 71 | C | C | A | C |
| 72 | B | A | D | D |
| 73 | A | A | C | A |
| 74 | C | D | D | D |
| 75 | A | C | A | B |
| 76 | A | D | D | D |
| 77 | D | A | B | C |
| 78 | C | D | D | C |
| 79 | D | B | C | B |
| 80 | A | D | C | A |
| 81 | A | D | A | A |
| 82 | D | C | A | C |
| 83 | B | B | D | C |
| 84 | A | B | B | A |
| 85 | C | C | C | D |
| 86 | D | A | A | A |
| 87 | C | A | C | D |
| 88 | B | D | C | B |
| 89 | B | B | A | A |
| 90 | C | C | D | C |
| 91 | A | A | A | D |
| 92 | A | C | D | C |
| 93 | D | C | B | B |
| 94 | B | A | A | B |
| 95 | C | D | C | C |
| 96 | A | A | D | A |
| 97 | C | D | C | A |
| 98 | C | B | B | D |
| 99 | A | A | B | B |
| 100 | D | C | C | C |

'X' denotes deletion

Approved For Publication
Sd/-
Section officer